# Weekly Devotion -October 2018
# First Fruit - From the word of truth
## (ആദ്യഫലം - സത്യവചനത്താൽ)




ഒരു മെട്രോസിറ്റിയിലെ ട്രാവൽ ഏജൻസിയിലെ ജോലിക്കാരനായിരുന്നു ബാബു എന്ന യുവാവ്. പണം ധാരാളം ലഭിച്ചു തുടങ്ങിയപ്പോൾ ജോലിഭാരവും കൂടി വിശ്രമമില്ലാതെ പണത്തിനുവേണ്ടി ഓടിയ ഓട്ടത്തിൽ ദൈവസന്നിധിയിലിരിക്കുക എന്ന കാര്യം ബാബു മറന്നു. പലപ്രാവശ്യം ഈ ജോലി ഉപേക്ഷിക്കുവാൻ ദൈവം ആവശ്യപ്പെട്ടിട്ടും ഉള്ള ജോലി നഷ്ടപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത ബാബു ആ ജോലി ഉപേക്ഷിച്ചില്ല. ദൈവത്തെ മറന്നവനെ ദൈവം മറന്നില്ല. ഒരു ദിവസം ദീർഘദൂര ഓട്ടം കഴിഞ്ഞ് ഒരു ചായ കുടിക്കുവാൻ റോഡരികിൽ വണ്ടി നിർത്തിയ ബാബു ചായ കുടിച്ചിട്ട് മടങ്ങി വന്നപ്പോൾ വാഹനം കണ്ടില്ല. മെട്രോ സിറ്റിയിൽ വാഹനം നഷ്ടമായാൽ മടക്കികിട്ടുക ബുദ്ധിമുട്ടാണെന്ന് അറിയാവുന്ന ബാബു വിഷമത്തോടെ ഉടമസ്ഥനെ വിവരം അറിയിച്ചു.

മടങ്ങി വീട്ടിലെത്തിയ ബാബു ഉടമസ്ഥൻ കേസ് കൊടുക്കാതിരിപ്പാനും വാഹനം മടക്കികിട്ടുവാനുമായി ദൈവസന്നിധിയിൽ ഇരുന്നു. ധൃതിയിൽ ജോലി ചെയ്ത് ലാഭം ഉണ്ടാക്കിയപ്പോൾ ദൈവത്തെ മറന്നവൻ ദൈവസന്നിധിയിലിരുന്നു, ദൈവസാന്നിദ്ധ്യം അറിഞ്ഞു. അതോടെ വാഹനം നഷ്ടപ്പെട്ടത് മടക്കിലഭിച്ചു. വാഹനം, ഉടമസ്ഥനെ ഏല്പിച്ച് ജോലി രാജിവച്ച് മടങ്ങിവരുമ്പോൾ തന്നെ ജോലിക്കുള്ള ഒരു പരസ്യം കണ്ട് പ്രാർത്ഥനയോടെ അപേക്ഷ നൽകി. ദൈവീക

നിർദ്ദേശമനുസരിച്ചവന്, കീഴ്പ്പെട്ടവന് വീണ്ടും ജനനം പ്രാപിച്ച് ആദ്യഫലമാകുവാൻ കഴിഞ്ഞു.

എന്താണ് ആദ്യഫലമായി നൽകേണ്ടതെന്ന് യഹോവ യിസ്രായേലിന് നിർദ്ദേശം നൽകിയിരുന്നു. സദൃ (3:9) ൽ എല്ലാം വിളവിന്റെയും ആദ്യഫലം കൊണ്ട് യഹോവയെ ബഹുമാനിക്കുക എന്ന് കാണുന്നു. അപ്രകാരം ചെയ്യുന്നവന്റെ കളപ്പുര സമൃദ്ധിയായി നിറയുകയും ചക്കുകളിൽ വീഞ്ഞ് കവിഞ്ഞും ഒഴുകുന്നു. ധനവും ധാന്യവും മാത്രമല്ല ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും യഹോവയ്ക്കുള്ളതാകയാൽ യിസ്രായേൽ തന്റെ ആദ്യഫലമെന്ന് യിരെ:(2:3)ൽ യഹോവ അരുളി ചെയ്തതായി കാണുന്നു.

യിസ്രായേൽ ജനം ദൈവീക നിർദ്ദേശ പ്രകാരം കൊണ്ടാടിയ പെരുന്നാളുകളിൽ (7 എണ്ണം) ഒന്നാണ് ആദ്യഫലപെരുനാൾ. പഴയനിയമം നിഴലും പുതിയ നിയമ പൊരുളുമാകയാൽ ആദ്യ നാല് എണ്ണവും സംഭവിച്ചുകഴിഞ്ഞു. പഴയ നിയമ യിസ്രായേൽ നടത്തിയ ആദ്യഫലപെരുന്നാൾ ലേവ്യ: (23:9,10) വാക്യങ്ങളിൽ കാണുന്നു. **<u>നീരാജനം</u>** ചെയ്ത കറ്റ ലേവ്യ (2:1) അനുസരിച്ച് ഭോജനയാഗമായി അർപ്പിക്കുന്നു. നേരിയമാവ്, എണ്ണ, കുന്തിരിക്കം, ഉപ്പ് ഇവയാണ് ഭോജനയാഗത്തിലെ ചേരുവകൾ.

1. ഗോതമ്പ് മണി നിലത്ത് വീണ് ചത്തപ്പോഴാണ് പുതുയ ഫലം ഉണ്ടായത്. പുതിയ ഗോതമ്പ് കൊയ്ത് മെതിച്ച് ഉണക്കിപ്പൊടിച്ച് നേരിയമാവ് ആക്കിത്തീർക്കുന്നു. ഇത് ഏത് സാധാരണക്കാരനും പ്രാപ്യമാണ്. യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള കഠിനജീവിത സമാഹരണമാണ് ഭോജനയാഗത്തിലെ നേരിയ മാവ്, "ഞാൻ ജീവന്റെ അപ്പമാകുന്നു" എന്ന് യേശു വ്യക്തമാക്കുകയും ചെയ്യുന്നു.

2. എണ്ണ - ദൈവവചനത്തിൽ എണ്ണ പരിശുദ്ധാത്മ പ്രതീകമാണ്. പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായവൻ ( ക്രിസ്തു) ആത്മാവാൽ നിറയപ്പെട്ടവനായിട്ടാണ് ഭൂമിയിൽ വന്നത്.

3. കുന്തിരിക്കം - ഒരു വൃക്ഷത്തിന്റെ കറയിൽ നിന്നും എടുക്കുന്നു. തീയിലിടുമ്പോൾ സുഗന്ധം ലഭിക്കുന്നു. ക്രിസ്തുവിന്റെ ജീവിതവും കഠിന പരിശോധനയിൽ കൂടെ കടക്കുമ്പോൾ പിതാവിന് പ്രസാദകരമായ സൗരഭ്യം പുറപ്പെട്ടിരുന്നു.

4. ഉപ്പ് - ശുദ്ധീകരണത്തിനും രുചിയ്ക്കും ഉപയോഗിക്കുന്നു. ദൈവവചനം നിമിത്തം നാം ശുദ്ധിയുള്ളവരാകുന്നു.(യോഹ:15:3) ക്രിസ്തു നമ്മുടെ ജീവിത

ത്തോടുള്ള ബന്ധത്തിൽ ഉപ്പാക്കുന്നു. അവനോടൊപ്പമുള്ള ജീവിതം നമ്മെ സൗരഭ്യമുള്ളതാക്കുന്നു. സത്യ വചനം നമ്മെ അവസാനത്തോളം സൂക്ഷിക്കുന്നു.

മരിച്ചവരിൽ നിന്നുള്ള ആദ്യഫലം ക്രസ്തു പിന്നെ അവന്റെ വരവിൽ അവനുള്ളവർ എന്ന് (1 കൊരി :15:20,23) വാക്യങ്ങളിൽ കാണുന്നു . ആദ്യഫലക്കറ്റയായ ക്രിസ്തു യോസേഫിന്റെ കല്ലറയിൽ നിന്ന് എടുത്ത് സ്വർഗ്ഗീയ ദേവാലയത്തിൽ നീരാജനം ചെയ്തപ്പോഴേക്കും ദേവാലയത്തിലെ തിരശ്ശീല രണ്ടായി പിളർന്നിരുന്നു. (മർക്കോ:15:37,38) പഴയ നിയമത്തിലെ നിഴൽ പുതിയ നിയമത്തിൽ പൊരുളായപ്പോൾ ഇനിയുള്ള കൊയ്ത്ത് അവന്റെ വരവികൽ സംഭവിക്കുന്നു. നാം അപ്പോൾ ആദ്യഫലമാകണമെങ്കിൽ ക്രിസ്തുവിൽ ജനിച്ച്, ക്രിസ്തുവിൽ മരിച്ച് ഉയർത്തെഴുന്നേല്ക്കണം. (1 പത്രോ :1:23) അതിനുമുമ്പ് നാം ഉപേക്ഷിക്കേണ്ട കാര്യങ്ങൾ ഏവ എന്ന് മനസ്സിലാക്കി ഉപേക്ഷിക്കണം.

Read യാക്കോബ് (1:21, 22)

പ്രിയരേ കാറ്റ് എവിടെ നിന്ന് വരുന്നു എവിടേയ്ക്ക് പോകുന്നു എന്ന് നാം അറിയുന്നില്ല. പ്രവർത്തികൊണ്ട് മാത്രമാണ് അറിയുന്നത്. സത്യവചനത്താൽ വീണ്ടും ജനിച്ച നാം ആദ്യഫലമായിരിപ്പാൻ ശ്രദ്ധിക്കുക. അപ്രകാരം നമ്മെ ലഭിക്കണമെന്നാഗ്രഹിക്കുന്ന ദൈവം നമുക്കുവേണ്ടി ഒരുക്കിയ സ്ഥലം ഏതെന്ന് യോഹ(17:24) കാണുന്നു. അദ്ധേഹത്തോടൊപ്പം മഹത്വസന്നിധിയിൽ ആദ്യഫലമായി എത്തുവാൻ ഒരുങ്ങുക ദൈവം കൃപ ചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
*Facebook: https://www.facebook.com/biblestudyind*